## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1242 03-10-2016 ൽ മറുപടിയ്ക്ക്.

## ആശ്രിതനിയമനം

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
|---|---|
| എ )1-7-2011 മുതൽ 31-3-2016 വരെയുള്ള കാലത്ത് സംസ്ഥാനത്ത് സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ എത്ര ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം നൽകുകയുണ്ടായി; ഏതെല്ലാം വകുപ്പുകളിൽ ആണ് നിയമനം നൽകിയത്; | (എ) ആശ്രിതനിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിയ്ക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിനായി, 06-07-2012 ലെ ജി.ഒ. (എം.എസ്) നം.174/12/ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും, 02-09-2013 ലെ ജി.ഒ (എം.എസ്) നം. 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ ആകെ 905 തസ്തികകൾ വിവിധ വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 02-06-2014 ലെ ജി.ഒ (എം.എസ്) നം. 131/2014/ജി.എ.ഡി. പ്രകാരം നിയമവകുപ്പിൽ ലീഗൽ അസ്സിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും, 06-11-2014-ലെ ജി.ഒ (എം.എസ്) 307/2014/പൊ.ഭ.വ. പ്രകാരം 1 അസിസ്റ്റന്റ് തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി 183 അപേക്ഷകർക്കും ഒഴിവ് നിർണ്ണയിച്ചിച്ചു നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ആശ്രിതനിയമനം കാത്തുനിൽക്കുന്നവരെ നിയമിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഒടുവിലായി 03-10-2015 ലെ സ.ഉ. (എം.എസ്) നം. 251/15/പൊ.ഭ.വ. പ്രകാരം 327 സൂപ്പർന്യൂമററി തസ്തികകൾ കൂടി സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. നിയമനം നൽകിയത് സബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് വരികയാണ്. |

| | |
|---|---|
| (ബി) പ്രസ്തുത നിയമനങ്ങൾ എല്ലാം റഗുലറൈസ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നൽകിയ നിയമനങ്ങൾ റഗുലറൈസ് ചെയ്തത് സബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് വരികയാണ്. ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമറി തസ്തികകൾ സൃഷ്ടിക്കരുതെന്നും നിയമിച്ചവരെ റഗുലറൈസ് ചെയ്യരുതെന്നും ബഹു. ഹൈക്കോടതി WP(C)33621/15 & 5960/16 നം കേസ്സിൽ 25/02/2016 ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) ആശ്രിത നിയമനം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ നിലവിലുണ്ട്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) വിവരങ്ങൾ ശേഖരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ.